**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705** **05-07-2022 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. (കോമേഴ്‌സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസിംഗ് സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ.ജി.റ്റി.ഇ. (കോമേഴ്‌സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | **കെ.ജി.റ്റി.ഇ. (കോമേഴ്‌സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരണം സംബന്ധിച്ച പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 16.06.2022-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.** |
| (ബി) | സിലബസ് പരിഷ്കരണത്തിനായി ചുമതലപ്പെടുത്തിയ കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച്, സിലബസ് പരിഷ്കരണത്തിനുള്ള റിപ്പോർട്ട് എന്നാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയത് എന്ന് വ്യക്തമാക്കാമോ; | (ബി) | സിലബസ് പരിഷ്കരണത്തിന്റെ പ്രൊപ്പോസൽ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് ജോയിന്റ് ഡയറക്ടറുടെ 22.03.2022 ലെ കത്ത് മുഖേന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയിരുന്നു. |
| (സി) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത സിലബസ് പരിഷ്കരണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് പറയാമോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ; | (സി) | ഉണ്ട്. 16.06.2022ൽ പ്രസ്തുത സിലബസ് പരിഷ്കരണ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |
| (ഡി) | ഹിന്ദി ടൈപ്പ് റൈറ്റിംഗിൽ കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് കൂടി ഉൾപ്പെടുത്തി സിലബസ് പരിഷ്കരിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള പരിശോധന ഏത് ഘട്ടത്തിലാണെന്ന് പറയാമോ; | (ഡി) | ഹിന്ദി ടൈപ്പ് റൈറ്റിംഗ് സിലബസ് പരിഷ്കരണത്തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ SITTTR ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അടിയന്തിരമായി സർക്കാരിന് സമർപ്പിക്കാൻ SITTTRന് നിർദ്ദേശം നൽകുന്നതും സിലബസ് പരിഷ്കരണ നടപടികൾ താമസംവിനാ നടപ്പിലാക്കുന്നതുമാണ്. |
| (ഇ) | എത്രയും വേഗം പ്രസ്തുത സിലബസ് പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഇ) | ഹിന്ദി ടൈപ്പ് റൈറ്റിംഗ് സിലബസ് പരിഷ്കരണത്തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ SITTTR ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അടിയന്തിരമായി |

| | | | |
|---|---|---|---|
| | | | സർക്കാരിന് സമർപ്പിക്കാൻ SITTTRന് നിർദ്ദേശം നൽകുന്നതും സിലബസ് പരിഷ്കരണ നടപടികൾ താമസംവിനാ നടപ്പിലാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ